പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5624 6.7.2012 ലെ മറുപടിക്ക്

## പട്ടികജാതിക്കാർക്കായുള്ള ഭൂമി വാങ്ങൽ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)പട്ടികജാതിക്കാർക്കായുള്ള ഭൂമിവാങ്ങൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | എ) | പട്ടികജാതിക്കാർക്കായുള്ള ഭൂമി വാങ്ങൽ പദ്ധതിയുടെ പ്രധാന ഉദ്ദേശം, ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുക എന്നതാണ്. |
| (ബി)ഗ്രാമപഞ്ചായത്തിൽ നിന്നുള്ള പദ്ധതിയ്ക്ക് ധനസഹായം നൽകുന്നതിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വിശദാംശങ്ങൾ നൽകുമോ; | ബി) | ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഗ്രാമപ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 75000/ രൂപയിൽ നിന്നും 1.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി)നഗരസഭകളിൽ നിന്നുള്ള പദ്ധതിയ്ക്ക് ധനസഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | സി) | വകുപ്പിൽ നിന്നും നഗരസഭാതിർത്തിയിൽ നടപ്പാക്കുന്ന പദ്ധതിക്ക് വർദ്ധനവ് വരുത്തിയിട്ടുണ്ട്. നഗരസഭാ പ്രദേശത്ത് 1.5 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം ഒരു ലക്ഷം രൂപയിൽ നിന്നും 2 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ